## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2311 08.03.2017 ൽ മറുപടിയ്ക്ക്**

## അനർട്ട് റൂഫ് ടോപ്പ് പദ്ധതി

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | | ശ്രീ. എം. എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | അനർട്ട് 10000 റൂഫ് ടോപ്പ് 1KW പദ്ധതി നടപ്പാക്കുന്നതിലേയ്ക്കായി ആദ്യം എംപാനൽ ചെയ്ത കമ്പനികളും തുകയും ലഭ്യമാക്കാമോ; കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സബ്സിഡി എത്രയാണ്; | (എ) | അനെർട്ട് എംപാനൽ ചെയ്ത കമ്പനികളും തുകയും അനുബന്ധം 1 ൽ ചേർത്തിരിക്കുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിലേക്കായി കേന്ദ്ര സർക്കാർ സബ്സിഡി 53,262/- രൂപയും (ഏറ്റവും കുറഞ്ഞ നിരക്കിന്റെ 30%) സംസ്ഥാന സർക്കാർ സബ്സിഡി 39,000/- രൂപയുമാണ്. |
| (ബി) | അനർട്ട് ടെക്നിക്കൽ സ്പെസിഫിക്കേഷൻ വഴി താൽപര്യ പത്രം ക്ഷണിച്ചപ്പോൾ വിവിധ റേറ്റുകൾ വന്നത് എങ്ങനെ എന്ന് വിശദീകരിക്കാമോ; ടെക്നിക്കൽ സ്പെസിഫിക്കേഷന്റെ കോപ്പി ലഭ്യമാക്കാമോ; ഈ പദ്ധതിയുമായി ബന്ധപ്പെട്ട് വകുപ്പ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ നടന്ന മീറ്റിംഗിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | അനെർട്ട് EoI വിളിച്ചപ്പോൾ ഏറ്റവും കുറഞ്ഞ നിരക്കുകൾ പരിഗണിക്കും എന്ന് പറഞ്ഞിരുന്നു. സാങ്കേതിക പരിശോധനയിൽ വിജയികളായ ഏജൻസികളിൽ ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത 20 കമ്പനികളെ ആദ്യം ലിസ്റ്റിൽ ഉൾപ്പെടുത്തുകയും അതിനുശേഷം ഈ നിരക്കിനുള്ളിൽ (L1- L20) വരാൻ തയ്യാറായ ഏജൻസികളെ കൂടി ഉൾപ്പെടുത്തുകയുമാണ് ചെയ്തത്.<br>ടെക്നിക്കൽ സ്പെസിഫിക്കേഷന്റെ പകർപ്പ് അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു. വകുപ്പു സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന മീറ്റിംഗിന്റെ മിനിട്സിന്റെ പകർപ്പ് അനുബന്ധം 3 ൽ ചേർത്തിരിക്കുന്നു. |
| (സി) | ടാറ്റാ കമ്പനി കേരളത്തിലാകമാനം ഈ പദ്ധതിയിൻ കീഴിൽ എത്ര പവർ പ്ലാന്റുകൾ സ്ഥാപിച്ചു; ഇവ സ്ഥാപിച്ചതിന് ആകെ എത്ര തുക ചെലവായി ; ഇത്രയും പ്ലാന്റുകൾ കുറഞ്ഞ തുക ക്വാട്ട് ചെയ്ത കമ്പനി സ്ഥാപിച്ചുവെങ്കിൽ എത്ര തുക ചെലവാകുമായിരുന്നു; ഇവ തമ്മിലുള്ള വ്യത്യാസം എത്രയാണ്; | (സി) | ഈ പദ്ധതിയുടെ ഭാഗമായി ടാറ്റാ പവർസോളാർ കമ്പനി 23.3.2016 വരെ 5201 പവർ പ്ലാന്റുകൾ ചെയ്തതായും അനെർട്ടിന്റെ കേന്ദ്ര കാര്യാലയത്തിൽ നിന്നും സബ്സിഡി ഇനത്തിൽ ഇതുവരെ 48,67,89,633/- രൂപ നൽകിയിട്ടുണ്ട്. സബ്സിഡി തുകയിൽ വ്യത്യാസമില്ലാത്തതിനാൽ ഈ പദ്ധതി മറ്റു കമ്പനികൾ വഴി ചെയ്താലും ഇത്രയും രൂപ |

| | | | |
|---|---|---|---|
| | | | സബ്സിഡിയായി നൽകേണ്ടതുണ്ട്. ഈ പദ്ധതിയിൽ ടാറ്റാ പവർ സോളാർ 1,97,500/- രൂപയ്ക്കാണ് (Vat 1% ആക്കി കുറച്ചതുകൊണ്ട്) പദ്ധതി നടപ്പിലാക്കിയത്. ഏറ്റവും കുറഞ്ഞ വില ക്വാട്ട് ചെയ്ത കമ്പനി മുഖേന പ്ലാന്റ് സ്ഥാപിച്ചാലും സബ്സിഡിയായി അനുവദിക്കുന്ന തുകയ്ക്ക് വ്യത്യാസമില്ലാത്തതാകുന്നു. കൂടാതെ അനെർട്ട് സബ്സിഡി മാത്രമാണ് കമ്പനികൾക്ക് നേരിട്ട് നൽകുന്നത്. ഗുണഭോക്തൃ വിഹിതം ഗുണഭോക്താവ് അവർ തെരഞ്ഞെടുക്കുന്ന കമ്പനികൾക്ക് നേരിട്ടാണ് നൽകുന്നത്. ഗുണഭോക്താവ് നേരിട്ടാണ് കമ്പനികളെ തെരഞ്ഞെടുക്കുന്നത് എന്നുള്ളതുകൊണ്ടും site condition ൽ വരുന്ന വ്യത്യാസം കൊണ്ട് പ്ലാന്റ് സ്ഥാപിക്കുവാനുള്ള ചെലവിലുള്ള വ്യത്യാസം വരാമെന്നുള്ളതുകൊണ്ടും ഇതിന്റെ വ്യത്യാസം കൃത്യമായി പറയുവാൻ നിർവ്വാഹമില്ല. |
| (ഡി) | ഓരോ കമ്പനിയ്ക്കും ഇതുവരെ നൽകിയ സബ്സിഡി തുകയും കൊടുത്ത തീയതിയും ലഭ്യമാക്കാമോ? | (ഡി) | വിശദാംശങ്ങൾ അനുബന്ധം 4 ൽ ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**